2026
July
21
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സംസ്ഥാന വരുമാനത്തിൽ 6,610 കോടിയുടെ വർധന

## ജിഎസ്ടി വരുമാനം 2,399 കോടി കൂടി

**തിരുവനന്തപുരം:** സർക്കാരിന് ആശ്വാസം നൽകി സംസ്ഥാനത്തിന്റെ വരുമാനത്തിൽ 6,610 കോടി രൂപയുടെ വർധന. കഴിഞ്ഞ വർഷം ഇതേ കാലയളവുമായി (2025 ഏപ്രിൽ - ജൂൺ) താരതമ്യം ചെയ്യുമ്പോഴാണ് ഇത്. 9,379 കോടിയായിരുന്ന ജിഎസ്ടി വരുമാനം 11,778 കോടിയായി വർധിച്ചതാണ് ഏറ്റവും വലിയ നേട്ടമായത്. ഇതോടെ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ സർക്കാർ മെച്ചപ്പെട്ട ധനസ്ഥിതിയിലായി.




വികസനച്ചെലവ് കഴിഞ്ഞ വർഷം 3,534 കോടിയായിരുന്നത് ഇത്തവണ ഇരട്ടിയിലേറെയായതായും (7,179 കോടി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. വരുമാനം വർധിപ്പിച്ചാലും അതിൽ നല്ലൊരു പങ്ക് മറ്റ് ആവശ്യങ്ങൾക്ക് ചെലവിടുന്നതിനാൽ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതായിരുന്നു കേരളത്തിന്റെ പൊതുസ്ഥിതി. ഇതിൽ നിന്നു വ്യത്യസ്തമായ കണക്കാണ് ഇത്തവണ ആദ്യ പാദത്തിലേത്. വികസന പദ്ധതികൾക്കായി വകയിരുത്തിയ 19,718 കോടി രൂപയിൽ 36.4% തുകയും സർക്കാർ ഇതിനകം ചെലവാക്കി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക മേഖലകളിലെ മൂലധനച്ചെലവ് വാർഷിക ലക്ഷ്യമായ 3,772 കോടിയും മറികടന്ന് ആദ്യ പാദത്തിൽ തന്നെ 4,219 കോടിയിലേക്കുയർന്നു.

ഈ വർഷം 1,69,646 കോടി രൂപയുടെ റവന്യു വരുമാനമാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 33,311 കോടി രൂപ (20%) ആദ്യ 3 മാസം കൊണ്ടു തന്നെ സമാഹരിക്കാനായത് സർക്കാരിന്റെ മുന്നോട്ടുപോക്കിന് ഏറെ ഗുണം ചെയ്യും. ശമ്പളച്ചെലവ് 12,212 കോടിയായിരുന്നത് 14,396 കോടിയായും പെൻഷൻ ചെലവ് 7,386 കോടിയിൽ നിന്ന് 8,727 കോടിയായും കടമെടുത്ത തുകയ്ക്കുള്ള പലിശ തിരിച്ചടയ്ക്കാനുള്ള ചെലവ് 6,174 കോടിയിൽ നിന്ന് 6,594 കോടിയിലേക്കും വർധിച്ചു. എന്നാൽ, സബ്സിഡിച്ചെലവിൽ വൻ ഇടിവുണ്ടായി. 173 കോടി നൽകിയിരുന്നത് 112 കോടിയായി.

വരുമാനം വർധിച്ചതിനാൽ റവന്യു കമ്മി 13,209 കോടി രൂപയായി കുറഞ്ഞു.

കഴിഞ്ഞ വർഷം ഇത് 14,320 കോടി രൂപയായിരുന്നു. സർക്കാരിന്റെ കടമെടുപ്പ് 17,888 കോടിയിൽ നിന്ന് 21,045 കോടിയായും വർധിച്ചിട്ടുണ്ട്.

നികുതി വരുമാനമായി ഈ വർഷം പ്രതീക്ഷിക്കുന്നത് 1,36,358 കോടി രൂപയാണ്. ഇതിന്റെ 20.6 ശതമാനമായ 28,060 കോടി രൂപ ഇതുവരെ പിരിച്ചെടുത്തു.

കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും ഗ്രാന്റുകളും വാർഷിക ലക്ഷ്യത്തിന്റെ 15.8 ശതമാനവും 3.1 ശതമാനവും മാത്രമാണ് ആദ്യ പാദത്തിൽ ലഭിച്ചത്.

# ആഭ്യന്തര കയറ്റുമതി–ഇറക്കുമതി തുടങ്ങുന്നു; വിഴിഞ്ഞം ഇനി സമ്പൂർണ തുറമുഖം

**തിരുവനന്തപുരം:** പൂർണതോതിലുള്ള കയറ്റുമതി- ഇറക്കുമതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ അനുമതി ലഭിച്ചതോടെ, ചരക്കുമാറ്റ തുറമുഖം മാത്രമെന്ന വിഴിഞ്ഞത്തിന്റെ മുഖഛായ മാറും. ഇതോടെ സ്ഥാപനങ്ങൾക്കുള്ള കയറ്റുമതി, ഇറക്കുമതി ചരക്കുകളും ഇവിടെ നേരിട്ടു കൈകാര്യം ചെയ്യാനാകും. ഇന്ത്യയിലേക്കു കണ്ടെയ്നറുകൾ ഇറക്കുമതി ചെയ്യാനും ഇന്ത്യയിൽനിന്നു നേരിട്ടു സാധനങ്ങൾ കയറ്റുമതി ചെയ്യാനും ട്രാൻസ്ഷിപ്മെന്റിനും സൗകര്യമുള്ളതിനാൽ സമ്പൂർണ തുറമുഖമായി വിഴിഞ്ഞം മാറും. എക്സിം പ്രവർത്തനങ്ങൾക്ക് ഓഗസ്റ്റ് 18ന് ആണ് തുടക്കമാകുന്നത്.

കേരളത്തിലെ കയറ്റുമതിക്കാർക്ക് വിഴിഞ്ഞത്തുനിന്ന് നേരിട്ടു ചരക്ക് അയയ്ക്കാം. മുൻപ്, മറ്റു തുറമുഖങ്ങളിലേക്ക് റോഡ്, റെയിൽ മാർഗം കണ്ടെയ്നറുകൾ എത്തിച്ച ശേഷമായിരുന്നു കയറ്റുമതി. ഇനി ഗതാഗതച്ചെലവും യാത്രാസമയവും കുറയും. ചരക്കുകൾ പലതവണ കൈകാര്യം ചെയ്യുന്നത് ഒഴിവാകുന്നതിനാൽ കേടുപാടുകൾക്കുള്ള സാധ്യതയും കുറയും. യന്ത്രസാമഗ്രികൾ, അസംസ്കൃത വസ്തുക്കൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വാഹനങ്ങൾ, രാസവസ്തുക്കൾ തുടങ്ങിയവ ഇറക്കുമതി ചെയ്യുന്ന വ്യവസായങ്ങൾക്കു നേരിട്ട് വിഴിഞ്ഞത്തുനിന്ന് ചരക്കുകൾക്കു കസ്റ്റംസ് ക്ലിയറൻസ് നേടാം. സാധനങ്ങൾ വേഗം ലഭിക്കാനും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കാനും ഇതു സഹായിക്കും.

തുറമുഖങ്ങൾക്കിടയിൽ കണ്ടെയ്നറുകൾ ഓരോതവണ അധികമായി നീക്കുമ്പോഴും ചെലവ് വർധിക്കും. ഇതൊഴിവാക്കി നേരിട്ട് ഒറ്റ തുറമുഖത്തിലൂടെ കൈകാര്യം ചെയ്യുന്നതിനാൽ ഇടനില തുറമുഖങ്ങളെ ആശ്രയിക്കുന്നതു കുറയും. ട്രക്ക്, റെയിൽ ഗതാഗതച്ചെലവ് കുറയും. തുറമുഖങ്ങളിലെ ഹാൻഡ്‌ലിങ് ചെലവുകൾ കുറയും.

സമുദ്രോൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, റബർ ഉൽപന്നങ്ങൾ, കയർ, വസ്ത്രങ്ങൾ, എൻജിനീയറിങ് സാധനങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയെയും ഇറക്കുമതിയെയും ആശ്രയിക്കുന്ന വ്യവസായങ്ങൾക്ക് ലോജിസ്റ്റിക്സ് ചെലവ് കുറയുന്നത് രാജ്യാന്തര വിപണിയിൽ ഉൽപന്നങ്ങൾക്കു മത്സരശേഷി നൽകും.

നിർമാണ യൂണിറ്റുകൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, വിതരണ കേന്ദ്രങ്ങൾ തുടങ്ങിയവ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന കമ്പനികൾ തുറമുഖത്തിനു സമീപത്തു സ്ഥലം കണ്ടെത്താൻ ശ്രമിക്കും. ഇതു റിയൽ എസ്റ്റേറ്റ് മേഖലയ്ക്കും ഗുണം ചെയ്യും. ചരക്കുനീക്കത്തിന് ആവശ്യമായ ലോജിസ്റ്റിക്സ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിങ്, ഷിപ്പിങ് ഏജൻസികൾ, ഗതാഗതം, ഹോസ്പിറ്റാലിറ്റി തുടങ്ങി ഒട്ടേറെ മേഖലകളിൽ തൊഴിലവസരങ്ങൾക്കും സാധ്യതയുണ്ട്.

# 2027 ആദ്യപാദം: റിലയൻസ് വരുമാനം മൂന്നു ലക്ഷം കോടി കടന്നു

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ കമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ നടപ്പു സാമ്പത്തികവർഷത്തിൽ ഏപ്രിൽ-ജൂൺ പാദത്തിലെ വരുമാനത്തിൽ ശക്തമായ വളർച്ച. എന്നാൽ ഈ പാദത്തിൽ സംയോജിത അറ്റാദായത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തി. ഓയിൽ ടു കെമിക്കൽ, റിലയൻസ് ജിയോ, റീട്ടെയിൽ ബിസിനസുകൾ വളർച്ച രേഖപ്പെടുത്തി.




റിലയൻസിന്റെ ഏകീകൃതവരുമാനം വാർഷികാടിസ്ഥാനത്തിൽ 24.5 ശതമാനം വർധിച്ച് 3,40,257 കോടിയിലെത്തി. ഒരു പാദത്തിലെ വരുമാനം മൂന്നു ലക്ഷം കോടി കടക്കുന്നത് ഇതാദ്യമായാണ്. മുൻവർഷം ഇതേ കാലയളവിൽ 2,73,252 കോടിയായിരുന്നു.

കമ്പനിയുടെ പ്രവർത്തന ലാഭം മുൻവർഷത്തെ അപേക്ഷിച്ച് 10.1 ശതമാനം ഉയർന്ന് റിക്കാർഡ് നേട്ടമായ 54,067 കോടി രൂപയായി. നികുതിക്കുമുമ്പുള്ള ലാഭം 8.5 ശതമാനം വർധിച്ച് 30,630 കോടി രൂപയായി. നികുതിക്കു ശേഷമുള്ള ലാഭം 6.1 ശതമാനം വർധിച്ച് എക്കാലത്തെയും ഉയർന്ന നിരക്കായ 23,196 കോടി രൂപയായും മാറി.

ജൂൺ പാദത്തിൽ റിലയൻസിന്റെ സംയോജിയ അറ്റാദായം 22.4 ശതമാനം കുറഞ്ഞ് 20,946 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 26,944 കോടി രൂപയായിരുന്നു. എന്നാൽ, ഈ കുറവ് കമ്പനിയുടെ മോശം പ്രകടനമല്ല കാണിക്കുന്നത്. ഏഷ്യൻ പെയിൻറ്സിലെ ഓഹരി വിറ്റതിലൂടെ ലഭിച്ച 8924 കോടി രൂപയുടെ അസാധാരണ നേട്ടം ഒഴിവാക്കി കണക്കാക്കിയാൽ ഈ പാദത്തിൽ കമ്പനിയുടെ അറ്റാദായവും പ്രവർത്തന ലാഭവും വർധിച്ചിട്ടുണ്ട്. റിലയൻസിൻറെ ഓയിൽ ടു കെമിക്കൽ വിഭാഗത്തിൻറെ വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 30 ശതമാനം വർധിച്ച് 2,01,803 കോടി രൂപയായി.



## കുസാറ്റ്: റിയൽടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് വകുപ്പ്

എം.ടെക്ക് ഇൻ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് (എക്സ്ക്യൂട്ടീവ്) പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 24ന് രാവിലെ 9:30ന് കമ്പ്യൂട്ടർ അപ്ലികേഷൻസ് വകുപ്പിൽ നടക്കും.
എം.സി.എ (റെഗുലർ), എം.സി.എ (കോസ്റ്റ് ഷെയറിങ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), (വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ സയൻസ്) എന്നീ പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21ന് രാവിലെ 10:30ക്ക് കമ്പ്യൂട്ടർ അപ്ലികേഷൻസ് വകുപ്പിൽ നടക്കും. ഫോൺ: 04842862391
പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോള്സ് (ഐ.സി.ആർ.ഇ.പി)
പഞ്ചവത്സര ബി.എസ്.സി എൽ.എൽ.ബി (ഹോണേഴ്സ്) കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21ന് രാവിലെ 9:30ന് ഐ.സി.ആർ.ഇ.പിയിൽ നടക്കും.
എം.എസ്.സി ബയോഎത്തിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ന് രാവിലെ 9:30ക്ക് ഐ.സി.ആർ.ഇ.പിയിൽ നടക്കും.
ഫോൺ: 8078019688

### സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ന് രാവിലെ 9:30ക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നടക്കും. ഫോൺ: 04842862471, 9446465262

### സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്

എം.എസ്.സി ഇക്കോണോമെട്രിക്സ് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ ജൂലൈ 21ന് രാവിലെ 10 മണിക്ക് സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിൽ നടക്കും. ഫോൺ: 0484 2862735, 8078599733

### ഇലക്ട്രോണിക്സ് വകുപ്പ്

എം.ടെക്ക് ഇൻ മൈക്രോവേവ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21ന് രാവിലെ 10 മണിക്ക് ഇലക്ട്രോണിക്സ് വകുപ്പിൽ നടക്കും.
എം.എസ്.സി ഇലക്ട്രോണിക്സ് സയൻസ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ന് രാവിലെ 10 മണിക്ക് ഇലക്ട്രോണിക്സ് വകുപ്പിൽ നടക്കും.
ഫോൺ: 04842862321

### ഫിസിക്സ് വകുപ്പ്

എം.എസ്.സി ഫിസിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 23ന് രാവിലെ 9:30ക്ക് ഫിസിക്സ് വകുപ്പിൽ നടക്കും. ഫോൺ: 04842577404

### കമ്പ്യൂട്ടർ സയൻസ് വകുപ്പ്

എം.ടെക്ക് ഇൻ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / എം .ടെക്ക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ്) എന്നീ പ്രോഗ്രാമുകളിലേക്കുള്ള റിയൽടൈം അഡ്മിഷൻ ജൂലൈ 21ന് രാവിലെ 10:30ന് നടക്കും.
കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## തലച്ചോറിനെക്കുറിച്ച് പഠിക്കാം, വീഡിയോ എടുക്കാം, ഒരു ലക്ഷത്തോളം രൂപ സമ്മാനങ്ങൾ നേടാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ന്യൂറോസയൻസ് പഠന കേന്ദ്രത്തിന്റെ സിൽവർ ജ്യൂബലി ആഘോഷിക്കുന്നു. സെപ്റ്റംബർ 14 മുതൽ 16 വരെ നടക്കുന്ന അന്താരാഷ്ട്ര ട്രാൻസ്ലേഷണൽ ന്യൂറോസയൻസ് കോൺഫറൻസ് എറണാകുളം പ്രസ് ക്ലബ്ബുമായി ചേർന്ന് സ്കൂൾകോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സംസ്ഥാനതല മൽസരങ്ങൾ സംഘടിപ്പിക്കുന്നു. തലച്ചോറിന്റെ ആരോഗ്യവും, മാനസികാരോഗ്യവും, ന്യൂറോഡെവലപ്മെന്റും, ന്യൂറോഡിജെനറേറ്റീവ് രോഗങ്ങളും സംബന്ധിച്ച ശാസ്ത്രീയ ബോധം വളർത്തുക എന്നതാണ് ഉദ്ദേശം. സ്കൂൾ, കോളേജ് തലത്തിലുമായി അഞ്ച് വിഭാഗങ്ങളിലായി ഒരു ലക്ഷം രൂപയുടെ സമ്മാനങ്ങൾ ആണ് ഉണ്ടാവുക.

ഷോർട്ട് വീഡിയോ, റീൽസ്, സ്റ്റിൽ മോഡൽ നിർമ്മാണം, പോസ്റ്റർ രചന, പെയിന്റിംഗ് എന്നീ അഞ്ച് വിഭാഗങ്ങളിൽ ഏഴ് വിഷയങ്ങൾ കേന്ദ്രീകരിച്ച് മത്സരങ്ങൾ ഉണ്ടാവും. മൽസരത്തിന് അയക്കുന്നവ എ ഐ നിർമ്മിതമാവരുത്. ഇതിന് പുറമെ അൽസൈമേഴ്സ്, പാർക്കിൻസൺസ്, സ്ട്രോക്ക്, എപ്പിലപ്സി, ഓട്ടിസം, സെറിബ്രൽ പാൾസി, ഡിമെൻഷ്യ തുടങ്ങിയ ന്യൂറോളജിക്കൽ രോഗങ്ങൾ അനുഭവിക്കുന്നവരുടെയോ, അവരുടെ കുടുംബാംഗങ്ങളുടെയോ പരിചാരകരുടെയോ, അധ്യാപകരുടെയോ, ആരോഗ്യപ്രവർത്തകരുടെയോ ജീവിതാനുഭവങ്ങൾ പങ്കുവെക്കാൻ പൊതുജനങ്ങൾക്കും അവസരമുണ്ട്. ഇവ കോൺഫറൻസിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അവരുടെ അനുമതിയോടെ പ്രസിദ്ധീകരിക്കും. മികച്ച രചനകൾ കോൺഫറൻസിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ഉൾപ്പെടുത്തും. മത്സരങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ www.ictn2026.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



# ഇടുക്കി ജില്ലയിൽ വിളനാശം; നഷ്ടം 3.23 കോടി

**തൊടുപുഴ:** ജില്ലയിൽ കാർഷിക മേഖല ഈ വർഷവും നേരിട്ടത് കോടികളുടെ വിളനാശം. കാലാവസ്ഥാ വ്യതിയാനവും കാട്ടുമൃഗങ്ങളുടെ ആക്രമണവും മൂലം ഈ വർഷവും വലിയ തോതിൽ കാർഷികവിളകൾക്ക് നാശം സംഭവിച്ചു. കാലവർഷം ശക്തമാകാത്ത സാഹചര്യത്തിൽ കർഷകർക്ക് അല്പം ആശ്വാസമുണ്ടെങ്കിലും ഇതിനോടകംതന്നെ ലക്ഷങ്ങളുടെ വിളനഷ്ടം വിവിധ കാരണങ്ങളാൽ ജില്ലയിലുണ്ടായി. വരൾച്ച, വേനൽമഴയുടെ കുറവ്, ശക്തമായ കാറ്റും മഴയും, വന്യമൃഗ ആക്രമണം തുടങ്ങി വിവിധ കാരണങ്ങളാണ് വ്യാപകമായ വിളനാശത്തിനിടയാക്കിയത്.

ഈ വർഷം ജനുവരി മുതൽ ജൂൺ വരെയുള്ള ആറു മാസക്കാലയളവിൽ 3.23 കോടി രൂപയുടെ വിളനാശമാണ് ജില്ലയിൽ ഉണ്ടായത്. 1297 കർഷകർക്കാണ് വലിയ തോതിൽ നഷ്ടം നേരിട്ടത്. 110.85 ഹെക്ടർ സ്ഥലത്ത് വിളനാശം ഉണ്ടായതായാണ് കൃഷിവകുപ്പിൻറെ ഇതുവരെയുള്ള കണക്ക്. ദേവികുളം, അടിമാലി ബ്ലോക്കുകളിലാണ് കൂടുതൽ കൃഷിനാശമുണ്ടായത്. ദേവികുളത്ത് 187 കർഷകർക്കായി 98.28 ലക്ഷത്തിന്റെയും അടിമാലിയിൽ 475 കർഷകർക്കായി 73.06 ലക്ഷത്തിന്റെയും കൃഷിനാശം നേരിട്ടു. പീരുമേട്ടിലാണ് കുറവ് കൃഷിനാശമുണ്ടായത്. ഇവിടെ 27 കർഷകർക്കായി 3.31 ലക്ഷം രൂപയുടെ നഷ്ടം മാത്രമാണ് ഉണ്ടായത്. ഇടുക്കി 115 39.73, നെടുങ്കണ്ടം 10 5.86, തൊടുപുഴ 134 21.79, കട്ടപ്പന 113 24.95, ഇളംദേശം 236 56.39 എന്നിങ്ങനെയാണ് മറ്റ് ബ്ലോക്കുകളിൽ കെടുതി നേരിട്ട കർഷകരുടെ എണ്ണവും നഷ്ടത്തിൻറെ തോതും.

വിളകളിൽ ഏലം, വാഴ, റബർ, കുരുമുളക്, ജാതി, കാപ്പി എന്നിവയാണ് കൂടുതൽ നശിച്ചത്. 26,85,638 കായ്ക്കുന്ന കുരുമുളക് ചെടികൾ നശിച്ചതായാണ് കണക്ക്. 4,32,561 കായ്ക്കാത്ത ചെടികളും നശിച്ചിട്ടുണ്ട്. കുലച്ച വാഴകൾ 28,30,902 എണ്ണവും കുലയ്ക്കാത്ത വാഴകൾ 11,84,947 എണ്ണവും നശിച്ചു. 93 ഹെക്ടർ സ്ഥലത്തെ ഏലച്ചെടികളാണ് വരൾച്ചയും കാറ്റും മഴയും മൂലം നശിച്ചത്. ടാപ്പ് ചെയ്യുന്ന റബർമരങ്ങൾ 66,690 എണ്ണവും ടാപ്പു ചെയ്യാത്ത 12,207 മരങ്ങളും കനത്ത മഴയത്ത് ഒടിഞ്ഞുവീണ് കർഷകർക്ക് നഷ്ടപ്പെട്ടു. 49 ഹെക്ടറിലാണ് മരച്ചീനി കൃഷി നശിച്ചത്. പയറും പാവലും പടവലവും ഉൾപ്പെടെ 417 ഹെക്ടറിലെ പന്തൽ പച്ചക്കറിയും മറ്റു പച്ചക്കറികൾ 311 ഹെക്ടറിലും നാമാവശേഷമായി. 8.94 ഹെക്ടറിലെ ഇഞ്ചികൃഷി, 5.14 ഹെക്ടറിൽ മഞ്ഞൾ, 1,15,250 കൊക്കോച്ചെടി, 1,75,307 കാപ്പിച്ചെടികൾ, 11,635 കമുക്, 2,374 ഗ്രാമ്പു, 51,448 ജാതി എന്നിവയും നശിച്ച വിളകളുടെ കണക്കിൽപ്പെടുന്നു.

ഈ വർഷം കർഷകരുടെ പ്രതീക്ഷകൾക്ക് വിപരീതമായുണ്ടായ കാലാവസ്ഥാ വ്യതിയാനമാണ് കൂടുതലും വിളകളെ പ്രതികൂലമായി ബാധിച്ചത്. ആവശ്യമായ സമയത്ത് മഴ ലഭിക്കാത്തതിനാൽ പല മേഖലകളിലും വിളകൾ കരിഞ്ഞു തുടങ്ങിയിരുന്നു. ഏലം മേഖലയെയാണ് വരൾച്ച സാരമായി ബാധിച്ചത്. ആവശ്യത്തിന് വേനൽ മഴ ലഭിക്കാതിരുന്നതും പ്രതിസന്ധി സൃഷ്ടിച്ചു. ജലസേചനം കുറഞ്ഞതോടെ ഓണംവിപണിക്കായി കൃഷി ചെയ്തിരുന്ന വാഴകളും മറ്റും നശിക്കുന്ന സാഹചര്യമുണ്ടായി. വിളനാശത്തിൻറെ നഷ്ടക്കണക്കുകൾ കൃഷിവകുപ്പ് ഫീൽഡ് സന്ദർശനം നടത്തി ശേഖരിച്ചിട്ടുണ്ട്. അർഹമായ നഷ്ടപരിഹാരം ലഭ്യമാകണമെന്നാണ് കർഷകരുടെ ആവശ്യം

# വയനാട്ടിൽ ഇഞ്ചിക്കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം കുറയുന്നു

**സുൽത്താൻ ബത്തേരി:** വയനാട്ടിൽ ഇഞ്ചിക്കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം കുറയുന്നു. ഒരുകാലത്ത് വ്യാപകമായിരുന്ന ഇഞ്ചിക്കൃഷി ജില്ലയിൽ നിലവിൽ നാമമാത്രമാണ്.

തുടർച്ചയായ രോഗബാധ, കീടാക്രമണം, വിലത്തകർച്ച, വന്യമൃഗശല്യം എന്നിവയാണ് കർഷകരെ ഇഞ്ചിക്കൃഷിയിൽനിന്ന് അകറ്റിയത്. ഇഞ്ചിക്കൃഷി പൂർണമായും ഉപേക്ഷിച്ച കർഷകർ നിരവധിയാണ്. ചിലർ വീട്ടാവശ്യത്തിന് മാത്രമാണ് ഇഞ്ചി കൃഷി ചെയ്യുന്നത്. ഇലമഞ്ഞളിപ്പ്, തണ്ടുചീയൽ തുടങ്ങിയ രോഗങ്ങൾ ഇഞ്ചിക്കർഷകർക്ക് വലിയ നഷ്ടമാണ് വരുത്തിയത്.



ഇഞ്ചി മുളച്ചുതുടങ്ങുന്ന ഘട്ടത്തിൽത്തന്നെ കൂട്ടമായി എത്തുന്ന കുരങ്ങുകൾ നശിപ്പിക്കുന്നതും തിരിച്ചടിയായി. രാവും പകലും കാവൽ നിന്നിട്ടും വിള സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യം പല കർഷകരെയും കൃഷിയിൽനിന്ന് പിന്തിരിപ്പിച്ചു. വിപണിയിൽ ഇഞ്ചിക്ക് മെച്ചപ്പെട്ട വിലയാണ് ഇപ്പോഴുള്ളത്. ചാക്കിന് (60 കിലോഗ്രാം) 7,500 മുതൽ 8,000 രൂപ വരെയാണ് വില.

ചില്ലറ വിപണിയിൽ ഇഞ്ചി കിലോഗ്രാമിന് 160 രൂപ വരെയും മൊത്തവിപണിയിൽ 120-130 രൂപയും വിലയുണ്ട്. എന്നാൽ വിൽക്കാൻ ഉത്പന്നമില്ലാത്തതിനാൽ ഇതിന്റെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. നിരവധി മലയാളികൾ കർണാടകയിലും തമിഴ്നാട്ടിലും ഭൂമി പാട്ടത്തിനെടുത്ത് ഇഞ്ചിക്കൃഷി നടത്തുന്നുണ്ട്. ഇവരെയും രോഗവ്യാപനം ബാധിച്ചിരിക്കയാണ്.

## എം.ജി സർവകലാശാല

### എം.ജി.യു പി.ജി./ബി.എഡ്. ഏകജാലകം: രണ്ടാംഘട്ട പ്രത്യേക അലോട്ട്മെന്റ്

പി.ജി., ബി.എഡ്. ഏകജാലക പ്രവേശനത്തിന്റെ രണ്ടാംഘട്ട പ്രത്യേക അലോട്ട്മെന്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ജൂലൈ 21ന് വൈകുന്നേരം 5.00 മണി വരെ ലഭ്യമാണ്. വെബ് സൈറ്റ് cap.mgu.ac.in

### സ്പോട്ട് അഡ്മിഷൻ

ക്യാമ്പസിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ എം.എസ്.സി. ഡാറ്റാ സയൻസ് ആൻറ് അനലിറ്റിക്സ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റും, എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും, EWS വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 21, 22 തീയതികളിൽ രാവിലെ 10.30 നും ഉച്ചയ്ക്ക് 12.30 നും ഇടയിൽ സർവകലാശാലാ കൺവർജെൻസ് അക്കാദമിയ കോംപ്ലക്സിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ (റൂം നമ്പർ 520) നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ 8304870247, 7561087631 ഇമെയിൽ sda@mgu.ac.in

### പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎ ഇക്കണോമിക്സ്, ബിസിനസ്സ് ഇക്കണോമിക്സ്, ഡവലപ്പ്മെൻറ് ഇക്കണോമിക്സ്, ജേർണലിസം ആൻറ് മാസ്സ് കമ്മ്യൂണിക്കേഷൻസ്, എംഎസ്.സി സൈബർ ഫോറൻസിക്ക്സ്, അപ്ലൈഡ് ഇലക്ട്രോണിക്സ്(2024 അഡ്മിഷൻ പരാജയപെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

രണ്ടാംസെമസ്റ്റർ എംഎസ്.സി. സുവോളജി, അപ്ലൈഡ് കെമിസ്ട്രി (2017, 2018 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒന്നും രണ്ടും സെമസ്റ്റർ (സിബിസിഎസ്എസ്) (2012 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ) ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോമാറ്റിക്സ് (2024 അഡ്മിഷനിൽ തോറ്റവർക്ക് മാത്രമായുള്ള സ്പെഷൽ റീ അപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ ഓൺലൈനായി അപേക്ഷിക്കാം.

പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎ ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ ആൻറ് ടെലിവിഷൻ, പ്രിൻറംഗ് ആൻറ് ഇലക്ട്രോണിക് ജേർണലിസം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാംസെമസ്റ്റർ എംഎസ്.സി സൈബർ ഫോറൻസിക്ക് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 23 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എംഎസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി (സി എസ് എസ് 2025 അഡ്മിഷൻ റെഗുലർ/ 2024 അഡ്മിഷൻ ഇമ്പ്രുവ്മെന്റ് / 2020-2024 അഡ്മിഷൻ റീഅപ്പിയറൻസ് /2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ബിരുദ പരീക്ഷ മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 ജൂലൈ 21 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തുന്നതായിരിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

വൈവ വോസി

ആറാം സെമസ്റ്റർ സിബിസിഎസ് പൊളിറ്റിക്കൽ സയൻസ് മോഡൽ1 (2023 അഡ്മിഷൻ പരാജയപെട്ടവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷയുടെ പ്രൊജക്റ്റ്/വൈവ വോസി പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.




## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ നവീകരിച്ച ഡ്യൂട്ടി ഫ്രീ ഷോപ്പ് പ്രവർത്തനം ആരംഭിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ അന്താരാഷ്ട്ര ടെർമിനലിലെ വിപുലീകരിച്ച ഡ്യൂട്ടി ഫ്രീ ഷോപ്പ് പ്രവർത്തനം തുടങ്ങി. മുമ്പുണ്ടായിരുന്നതിനേക്കാൾ ഏകദേശം ഇരട്ടിയോളം വിസ്തൃതിയുള്ള പുതിയ ഷോപ്പിൽ കൂടുതൽ വിപുലമായ ഉൽപ്പന്ന ശേഖരം, നൂതന ഡിജിറ്റൽ സൗകര്യങ്ങൾ, ആകർഷകമായ പ്രത്യേക ഓഫറുകൾ എന്നിവയിലൂടെ യാത്രക്കാർക്ക് കൂടുതൽ മികച്ച ഷോപ്പിംഗ് അനുഭവമാണ് ഒരുക്കിയിരിക്കുന്നത്.

നവീകരിച്ച ഡ്യൂട്ടി ഫ്രീ ഷോപ്പിന്റെ പ്രധാന ആകർഷണമാണ് കേരളത്തിലെ ആദ്യത്തെ എ.ഐ. അധിഷ്ഠിത ഉപഭോക്തൃ സേവന റോബോട്ട്. ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, നിലവിലുള്ള ഓഫറുകൾ, ഷോപ്പിംഗിനുള്ള മാർഗനിർദേശങ്ങൾ എന്നിവ റോബോട്ട് യാത്രക്കാർക്ക് നൽകും. ഉദ്ഘാടനത്തോടനുബന്ധിച്ച് 500, 1,000 മൂല്യമുള്ള പ്രത്യേക ഡിജിറ്റൽ ഗിഫ്റ്റ് വൗച്ചറുകളും റോബോട്ട് നൽകും.

പുതുതായി വികസിപ്പിച്ച ഡ്യൂട്ടി ഫ്രീ ഷോപ്പിൽ അന്താരാഷ്ട്ര ബ്രാൻഡുകളുടെയും പ്രീമിയം ഉൽപ്പന്നങ്ങളുടെയും കൂടുതൽ വിപുലമായ ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. ഫാഷൻ ബാഗുകൾ, സൺഗ്ലാസുകൾ, വാച്ചുകൾ തുടങ്ങിയ പുതിയ ലൈഫ്സ്റ്റൈൽ വിഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് മുമ്പത്തേക്കാൾ കൂടുതൽ തിരഞ്ഞെടുപ്പുകൾ ലഭ്യമാകും.

കേരളത്തിലെ ഡ്യൂട്ടി ഫ്രീ റീട്ടെയിൽ രംഗത്ത് ആദ്യമായി, ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യവസ്തുക്കളും ഉൾപ്പെടുന്ന പ്രത്യേക സൂപ്പർമാർട്ട് വിഭാഗവും ആരംഭിച്ചിട്ടുണ്ട്. യാത്രയ്ക്കും ദൈനംദിന ആവശ്യങ്ങൾക്കും വേണ്ട വിവിധ ഉൽപ്പന്നങ്ങൾ ഒരേ സ്ഥലത്ത് നിന്ന് വാങ്ങാനുള്ള സൗകര്യമാണ് ഇതിലൂടെ ഒരുക്കിയിരിക്കുന്നത്.

'ലോകോത്തര നിലവാരമുള്ള റീട്ടെയിൽ സേവനങ്ങൾ, ഡിജിറ്റൽ നവീകരണം, ഉപഭോക്തൃകേന്ദ്രീകൃത സേവനങ്ങൾ എന്നിവയിലൂടെ യാത്രക്കാരുടെ അനുഭവം കൂടുതൽ മെച്ചപ്പെടുത്താനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ നവീകരിച്ച ഡ്യൂട്ടി ഫ്രീ ഷോപ്പ്. കേരളത്തിൽ ആദ്യമായി അവതരിപ്പിക്കുന്ന നിരവധി പുതിയ സംവിധാനങ്ങളിലൂടെ വിമാനത്താവള റീട്ടെയിൽ രംഗത്ത് പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തെ രാജ്യത്തെ പ്രമുഖ അന്താരാഷ്ട്ര പ്രവേശന കവാടങ്ങളിലൊന്നായി കൂടുതൽ ശക്തിപ്പെടുത്താനും ഇത് സഹായിക്കും.' വിമാനത്താവള വക്താവ് പറഞ്ഞു.

ഡിജിറ്റൽ സേവനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമീപനത്തിന്റെ ഭാഗമായി, വാട്ട്സ്ആപ്പ് വഴി ഡിജിറ്റലായി ഒപ്പിട്ട ഇൻവോയ്സ് നൽകുന്ന കേരളത്തിലെ ആദ്യത്തെ ഡ്യൂട്ടി ഫ്രീ ഷോപ്പായും ഇത് മാറി. ഇതിലൂടെ ഉപഭോക്താക്കൾക്ക് പേപ്പർ രഹിതവും ലളിതവും സൗകര്യപ്രദവുമായ ഷോപ്പിംഗ് അനുഭവം ലഭിക്കും.

യാത്രക്കാർക്കായി നിരവധി പ്രത്യേക ഓഫറുകളും ഒരുക്കിയിട്ടുണ്ട്. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായി, തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് ഉറപ്പായ സമ്മാനം ലഭിക്കും (നിബന്ധനകൾ ബാധകം). കൂടാതെ, നിശ്ചിത തുകയ്ക്ക് മുകളിലുള്ള ഡ്യൂട്ടി ഫ്രീ വാങ്ങലുകൾ നടത്തുന്നവർക്ക് 4,999 വിലമതിക്കുന്ന പ്രീമിയം സ്ട്രോളി സൗജന്യമായി ലഭിക്കും.

## പാലരുവി ടൂറിസം; കോടികൾ വരുമാനം

**ആര്യങ്കാവ്:** വനം റേഞ്ചിലെ വെള്ളച്ചാട്ടമായ പാലരുവിയിൽ കുളിക്കാൻ വൻതിരക്ക്. തിരക്ക് നിയന്ത്രണാതീതമായതോടെ വനംവകുപ്പ് നിയന്ത്രണങ്ങൾ കർശനമാക്കി. മേയ് 25 ന് തുറന്ന പാലരുവി വെള്ളച്ചാട്ടത്തിൽ 53 ദിവസം പിന്നിട്ട ഇന്നലെ വരെ 18% നികുതി ഉൾപ്പെടെ 99.33 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. ശരാശരി ദിവസം 1.80 ലക്ഷം രൂപയുടെ വരുമാനം. ഇന്നത്തെ വരുമാനം കൂടി ചേർക്കുന്നതോടെ ഒരു കോടി രൂപ കവിയും. വിദേശികൾ ഉൾപ്പെടെ കുളിക്കാൻ എത്തിയതു 1,06,899 പേർ. രാവിലെ 8 മുതൽ വൈകിട്ട് 4 വരെ മാത്രമേ പ്രവേശനമുള്ളൂ. ഒരാൾക്ക് പ്രവേശന ഫീസ് 85 രൂപയാണ്.

തെങ്കാശി കുറ്റാലം വെള്ളച്ചാട്ടത്തിലും തിരക്കുണ്ട്. ഇവിടെ കുളിക്കാൻ കഴിയാതെ നിരാശരാകുന്നവരും പാലരുവിയിലേക്കു വരുന്നുണ്ട്. തമിഴ്നാട്ടുകാരിൽ ചിലർ എല്ലാ സീസണിലും പാലരുവിയിലെ വെള്ളം കുടത്തിൽ ശേഖരിച്ചു വീടുകളിലേക്കു കൊണ്ടുപോകുന്ന പതിവുണ്ട്. അച്ചൻകോവിൽ വനം റേഞ്ചിലെ കുംഭാവുരുട്ടി വെള്ളച്ചാട്ടവും തുറന്നിട്ടുണ്ട്. വെള്ളത്തിന്റെ കുറവുള്ളപ്പോൾ



മണലാർ വെള്ളച്ചാട്ടം അടച്ചിടും. ആര്യങ്കാവിൽ നിന്നു 4 കിലോമീറ്റർ വനത്തിനുള്ളിലെ പാലരുവി വെള്ളച്ചാട്ടത്തിലേക്കു സ്വകാര്യ വാഹനങ്ങൾ കടത്തി വിടില്ല. പാലരുവി പാർക്കിങ് ഗ്രൗണ്ടിൽ പാർക്കു ചെയ്ത ശേഷം വനംവകുപ്പ്, കെഎസ്ആർടിസി എന്നിവയുടെ വാഹനങ്ങളിലാണു കടത്തി വിടുക. തിരക്ക് വർധിച്ചതോടെയാണു കെഎസ്ആർടിസിയുടെ 3 ബസുകൾ ഒന്നിന് 1000 രൂപ ദിവസ വാടക നിരക്കിൽ ഓടിക്കുന്നുണ്ട്.

# ജനനി 2026 ദേശീയ വനിതാ കോൺക്ലേവ് 24ന് കൊച്ചിയിൽ

**കൊച്ചി:** ഭാരതരത്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ 11ാം ചരമവാർഷികാചരണത്തിന്റെ ഭാഗമായി ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇൻറർനാഷണൽ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന രാജ്യവ്യാപക വനിതാ സംഗമം 'ജനനി 2026' 24ന് എറണാകുളം സെൻറ് തെരേസാസ് കോളജ് (ഓട്ടോണമസ്) ഓഡിറ്റോറിയത്തിൽ നടക്കും. മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും .

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രമുഖ വനിതാനേതാക്കൾ, നയരൂപകർ, ജനപ്രതിനിധികൾ, സംരംഭകർ, ഡോക്ടർമാർ, വിവിധ മേഖലകളിലെ പ്രഫഷണലുകൾ, കലാകാരികൾ, അധ്യാപകർ, മാധ്യമപ്രവർത്തകർ, വിദ്യാർഥികൾ, സാമൂഹികപ്രവർത്തകർ, വിവിധ മേഖലകളിലെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന ദേശീയ സംഗമമായിരിക്കും ജനനി.




# രാജ്യത്തെ ആദ്യ നീറ്റ് റെഡി ലാപ്ടോപുമായി ഏസർ

**കൊച്ചി:** അടുത്ത വർഷം മുതൽ നീറ്റ് പരീക്ഷ കംപ്യൂട്ടർ അധിഷ്ഠിത (സിബിടി) രീതിയിലേക്കു മാറുന്ന സാഹചര്യത്തിൽ ഏസർ, ഇൻറൽ, ശ്രീ ചൈതന്യ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ സംരംഭമായ ഇൻഫിനിറ്റി ലേൺ എന്നിവ ചേർന്ന് രാജ്യത്തെ ആദ്യ നീറ്റ് റെഡി ലാപ്ടോപ് അവതരിപ്പിച്ചു.

ഏസറിന്റെ ആസ്പയർ സീരീസ് ലാപ്ടോപുകൾ, ഇൻറൽ പ്രോസസറുകൾ, ഇൻഫിനിറ്റി ലേണിന്റെ എഐ അധിഷ്ഠിത നീറ്റ് പരിശീലന പ്ലാറ്റ്ഫോം എന്നിവ സംയോജിപ്പിച്ചാണ് ഈ സമഗ്ര പഠനസാങ്കേതിക ഇക്കോസിസ്റ്റം വികസിപ്പിച്ചിരിക്കുന്നത്.

ലാപ്ടോപിൽ ഇൻഫിനിറ്റി ലേണിന്റെ സമഗ്ര നീറ്റ് പരിശീലനസംവിധാനം മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. എഐ മെൻറർ ഐന, തത്സമയവും റിക്കാർഡ് ചെയ്തതുമായ ക്ലാസുകൾ, തെരഞ്ഞെടുത്ത പഠനസാമഗ്രികൾ, അധ്യായാടിസ്ഥാനത്തിലുള്ള അഡാപ്റ്റീവ് പരിശീലനം, മോക്ക് ടെസ്റ്റുകൾ, വിശദമായ പ്രകടന വിശകലനം, യഥാർഥ പരീക്ഷാ അന്തരീക്ഷത്തിനു സമാനമായ നീറ്റ് സിബിടി സിമുലേഷൻ എന്നിവ ലാപ്ടോപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# കല്യാൺ ജ്വൂവലേഴ്സ് ഓഹരി കുതിക്കുന്നു

**മുംബൈ:** തൃശൂർ ആസ്ഥാനായ കല്യാൺ ജൂവലേഴ്സിന്റെ ഓഹരികളിൽ വമ്പൻ മുന്നേറ്റം. കഴിഞ്ഞ വെള്ളിയാഴ്ച മാത്രം കല്യാൺ ജൂവലേഴ്സ് ഓഹരികൾ 9 ശതമാനത്തിലേറെ കുതിച്ചുയർന്ന് 483.40 രൂപ (എൻ.എസ്.ഇയിൽ) വരെ എത്തിച്ചേർന്നു. മൂന്ന് ദിവസത്തിനിടെ 36 ശതമാനം നേട്ടമാണ് കല്യാൺ ജ്വല്ലേഴ്സ് നേടിയത്.

ഇതോടെ കല്യാൺ ജൂവലേഴ്സിന്റെ വിപണി മൂല്യം 49,000 കോടിയിലേറെ രൂപയായും ഉയർന്നു. കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ കല്യാൺ ജൂവലേഴ്സിന്റെ വിപണി മൂല്യത്തിൽ ഏകദേശം 12,000 കോടിയുടെ വർധനയാണ് രേഖപ്പെടുത്തിയത്.

ആഗോള ബ്രോക്കറേജ് സ്ഥാപനമായ സിറ്റി ഗ്രൂപ്പ്, കല്യാൺ ജൂവലേഴ്സിന് അനുകൂലമായ നിർദേശം നൽകിയിരുന്നു. ഇതാണ് പെട്ടെന്നുള്ള ഈ മുന്നേറ്റത്തിനുള്ള പ്രധാന കാരണം. സമീപഭാവിയിലേക്ക് ഓഹരിക്ക് നിർദേശിച്ച ലക്ഷ്യവില 750 രൂപയുമാണ്. 97 ശതമാനം മുന്നേറ്റ സാധ്യതയാണ് സിറ്റി ഗ്രൂപ്പ് ഈ കല്യാൺ ജൂവലേഴ്സ് ഓഹരിയിൽ പ്രവചിച്ചതെന്ന് സാരം.

ഫ്രാഞ്ചൈസി മാതൃകയിലുള്ള വിപുലീകരണം: പുതിയ ഷോറൂമുകൾ വേഗത്തിൽ തുറക്കുന്ന രീതി.

കടബാധ്യതകൾ കുറയ്ക്കൽ എന്നിങ്ങിനെ നിരവധി കാരണങ്ങളാണ് കല്യാൺ ജ്വല്ലേഴ്സിനെക്കുറിച്ച് സിറ്റി ഗ്രൂപ്പ് പ്രവചിക്കുന്നത്.




# അമേരിക്കൻ മേധാവിത്വത്തിന് കടുത്ത ഭീഷണി; കിമി കെ3എഐ മോഡലുമായി ചൈന

**ബെയ്ജിംഗ്:** ആർട്ടിഫിഷൽ ഇൻറലിജൻസ് സാങ്കേതികവിദ്യയിലെ അമേരിക്കയുടെ ആഗോള മേധാവിത്വത്തിനു കനത്ത പ്രഹരമേൽപ്പിച്ച് ചൈനീസ് നിർമിത എഐ മോഡലായ 'കിമി കെ3' പുറത്തിറങ്ങി. ലോകത്തെ ഏറ്റവും വലിയ എഐ വിപണിയായ അമേരിക്കയ്ക്ക് കടുത്ത വെല്ലുവിളിയുയർത്തുന്നതാണ് ബെയ്ജിംഗ് ആസ്ഥാനമായുള്ള മൂൺഷോട്ട് എഐ വികസിപ്പിച്ച ഈ പുതിയ മോഡൽ.

അണുബോംബ് നിർമാണത്തിനു ശേഷം ലോകം കണ്ട ഏറ്റവും വലിയ സാങ്കേതിക മത്സരത്തിനാണ് നിലവിൽ എഐ രംഗം സാക്ഷ്യം വഹിക്കുന്നത്. എഐ വിലയിരുത്തൽ പ്ലാറ്റ്ഫോമായ അരീനയുടെ ഫ്രണ്ട്എൻഡ് കോഡിംഗ് പരീക്ഷണങ്ങളിൽ പ്രമുഖ അമേരിക്കൻ കമ്പനികളായ ആന്ത്രോപിക്കിൻറെ ഫേബിൾ 5, ഓപ്പൺ എഐയുടെ ജിപിടി5.6 സോൾ എന്നിവയെ അട്ടിമറിച്ച് കിമി കെ3 ഒന്നാമതെത്തി. യുഎസ് കമ്പനികൾക്കുള്ളതുപോലുള്ള കർശനമായ സുരക്ഷാനിയന്ത്രണങ്ങൾ ചൈനീസ് മോഡലുകൾക്ക് ഇല്ലാത്തത് വലിയ സുരക്ഷാഭീഷണി ഉയർത്തുന്നതായി ഇൻറലിജൻസ് സഖ്യമായ ഫൈവ് ഐസ് മുന്നറിയിപ്പ് നൽകുന്നുണ്ട്.

കിമി കെ3ക്കുപുറമെ വൻ നിക്ഷേപങ്ങളുമായി ചൈനയുടെ 'ഡീപ്സീക്ക് വി4', ആലിബാബയുടെ ക്വെൻ3', മികച്ച ഏജൻറിക് ശേഷി യുള്ള 'ജിഎൽഎം5.2' എന്നീ ചൈനീസ് മോഡലുകളും പാശ്ചാത്യരാജ്യങ്ങൾക്കു ഭീഷണിയായി രംഗത്തുണ്ട്.

ചൈനീസ് കമ്പനികൾ അമേരിക്കൻ സാങ്കേതികവിദ്യ ചോർത്തിയാണ് ഇതു നിർമിച്ചതെന്ന് ആന്ത്രോപിക് ആരോപിക്കുന്നുണ്ടെങ്കിലും കിമിയുടെ മികച്ച പ്രകടനം കേവലം വിവരങ്ങൾ ചോർത്തി ഉണ്ടാക്കിയതല്ലെന്ന് ഓപ്പൺ എഐ വ്യക്തമാക്കുന്നു.

അതേസമയം, യുഎസിൻറെയും ചൈനയുടെയും കുത്തക അവസാനിപ്പിക്കാൻ മറ്റ് ആഗോള ശക്തികളും എഐ രഗത്തു സജീവമാണ്. ഫിനാൻസ്, ഹെൽത്ത് കെയർ മേഖലകൾക്കായി ജപ്പാൻ വികസിപ്പിച്ച പ്ലാമോ, ഫുഗു അൾട്രാ, രാകുതൻ എന്നീ മോഡലുകൾ ബിസിനസ് രംഗത്ത് മുന്നേറുകയാണ്. അമേരിക്കൻ കമ്പനികൾക്ക് തങ്ങളുടെ ഡാറ്റ കൈമാറാൻ ആഗ്രഹിക്കാത്ത യൂറോപ്യൻ ബിസിനസുകൾക്കായി ഫ്രാൻസിന്റെ മിസ്ട്രൽ മികച്ച ഓപ്പൺവെയ്റ്റ് മോഡലുകൾ നൽകുന്നു.

ഇതിനൊപ്പം കാനഡയുടെ കോഹിയർ തങ്ങളുടെ കമാൻഡ് എ പ്ലസ് മോഡലുകളിലൂടെ ആഗോളതലത്തിൽ യുഎസ് കമ്പനികൾക്ക് നേരിട്ട് വെല്ലുവിളി ഉയർത്തുന്നുണ്ട്. പ്രാദേശിക വിപണികൾ ലക്ഷ്യമിട്ടു ദക്ഷിണ കൊറിയയുടെ ഹൈപ്പർക്ലോവ എക്സ്, അറബിക് ഭാഷയ്ക്ക് മുൻഗണന നൽകുന്ന യുഎഇയുടെ ഫാൽക്കൺ എന്നിവയും എഐ ലോകത്ത് വലിയ മാറ്റങ്ങൾക്കു വഴിതുറക്കുകയാണ്. വരുംമാസങ്ങളിൽ ആഗോള എഐ രംഗത്ത് വലിയ ശക്തികേന്ദ്രങ്ങളുടെ പുനഃക്രമീകരണം ഉണ്ടാകുമെന്നാണ് സാങ്കേതികവിദഗ്ധർ വിലയിരുത്തുന്നത്.

# പ്രതിവാര നേട്ടത്തിൽ ഇന്ത്യൻ വിപണി

**കൊച്ചി:** യുഎസ്യൂറോപ്യൻ ഓഹരി ഇൻഡക്സുകളിലെ പ്രതിസന്ധി വാരാന്ത്യം ഏഷ്യൻ മാർക്കറ്റുകളെയും പിരിമുറുക്കത്തിലാക്കി. എന്നാൽ, ഇന്ത്യൻ വിപണി പ്രതിവാര നേട്ടം സ്വന്തമാക്കി. സെൻസെക്സ് 582 പോയിൻറും നിഫ്റ്റി 128 പോയിൻറും ഉയർന്നു. വിദേശ വിപണികളെ പിടിച്ചുലച്ചത് സെമികണ്ടക്ടർ വിഷയമാണ്.

അമേരിക്കൻ വിപണികളിൽ ഐടി വിഭാഗം ഓഹരികൾ വില്പന സമ്മർദത്തിലാണ്. ഒരു മാസത്തിനിടയിൽ മൂന്നാം തവണ വിപണി പ്രതിവാര നഷ്ടത്തിൽ. നാലാഴ്ചകളിൽ സൂചിക ഏകദേശം ഒമ്പത് ശതമാനം ഇടിഞ്ഞു. സെമികണ്ടക്ടർ കമ്പനികളുടെ ഓഹരികൾ പിരിമുറുക്കത്തിലാണ്. ചൈനീസ് എഐ കമ്പനി പുതിയ ആർട്ടിഫിഷൽ ഇൻറലിജൻസ് മോഡൽ രംഗത്ത് ഇറക്കിയതാണു വിപണിയെ ഞെട്ടിച്ചത്. യുഎസിൽ നിലവിലുള്ള മുൻനിര സെമികണ്ടക്ടർ മോഡലുകളേക്കാൾ മികച്ച പ്രകടനമാണു പുതിയതിന്.


കോർപറേറ്റ് മേഖലയിൽനിന്നുള്ള മികച്ച ത്രൈമാസ പ്രവർത്തനഫലങ്ങൾ സെൻസെക്സിനും നിഫ്റ്റിക്കും കരുത്തായി. ആഗോള സാമ്പത്തിക രംഗത്തെ അനിശ്ചിതത്വവും ക്രൂഡ് ഓയിൽ വിലക്കയറ്റവും വിദേശ ഓപ്പറേറ്റർമാരെ വില്പനക്കാരാക്കി. ആഭ്യന്തര ഫണ്ടുകളുടെ ശക്തമായ പിൻതുണ ഐടി ഓഹരികൾക്ക് തിളക്കം പകർന്നു.

നിഫ്റ്റി ബുള്ളിഷ് മനോഭാവം നിലനിർത്തി. ആഭ്യന്തര മ്യൂചൽ ഫണ്ടുകളും പ്രാദേശിക നിക്ഷേപകരും ശക്തമായ പിൻതുണയുമായി രംഗത്തുണ്ട്. സൂചിക 24,206 പോയിൻറിൽ നിന്നും വാരത്തിൻറെ ആദ്യ പകുതിയിൽ 24,021 24,255 റേഞ്ചിൽ നീങ്ങി. വാരത്തിന്റെ രണ്ടാം പകുതിയിൽ ബ്ലൂചിപ്പ് ഓഹരികളോട് നിക്ഷേപകർ കാണിച്ച താത്പര്യം നിഫ്റ്റിയെ 24,365ലേക്ക് ഉയർത്തി, മാർക്കറ്റ് ക്ലോസിംഗിൽ 24,334ലാണ്. ഈ വാരം 24,115ലെ താങ്ങ് നിലനിർത്തി 24,459–24,584 പോയിൻറ് ലക്ഷ്യമാക്കാം. അനുകൂല വാർത്തകൾക്ക് മാസാവസാനം 24,928ലേക്ക് ഉയർത്താനാവും.

നിഫ്റ്റി ജൂലൈ സീരീസ് 24,242ൽ നിന്നും 24,322ലേക്ക് ഉയർന്നു. ഓപ്പൺ ഇൻററസ്റ്റ് 168 ലക്ഷം കരാറുകളിൽനിന്നും 146 ലക്ഷമായി കുറഞ്ഞങ്കിലും വിപണി ബുള്ളിഷാണ്. അതേസമയം, ഒരു വിഭാഗം ഊഹക്കച്ചവടക്കാർ ഷോർട്ട് കവറിംഗിനു നീക്കം നടത്തിയതായി അനുമാനിക്കുന്നു.ബോംബെ സെൻസെക്സ് 77,569 പോയിൻറിൽനിന്നും തുടക്കത്തിൽ 76,925ലേക്ക് താഴ്ന്ന അവസരത്തിൽ ടെക്നോളജി വിഭാഗം ഓഹരികളിൽ ഉടലെടുത്ത വാങ്ങൽ താത്പര്യം പിന്നീട് സെൻസെക്സിനെ 78,279ലേക്ക് ഉയർത്തി. മാർക്കറ്റ് ക്ലോസിംഗിൽ സൂചിക 78,151 പോയിൻറിലാണ്. പ്രതിദിന ചാർട്ടിൽ വിപണിയുടെ ചലനങ്ങൾ വിലയിരുത്തിയാൽ സൂചിക 78,645 , 79,139ലെ പ്രതിരോധ മേഖലയിലേക്ക് ചുവടുവയ്ക്കാം. ഈ അവസരത്തിൽ ഇടപാടുകളുടെ വ്യാപ്തി വർധിച്ചാൽ 80,493 പോയിൻറിലേക്ക് മുന്നേറാം. അതേസമയം, വില്പനക്കാർ വിപണിയിൽ ഇടം പിടിച്ചാൽ 77,29176,431 റേഞ്ചിൽ താങ്ങ് പ്രതീക്ഷിക്കാം.

ഐടി മേഖലയിൽ നിന്നും പ്രതീക്ഷിച്ചതിലും മികച്ച ഒന്നാം പാദ പ്രവർത്തന ഫലങ്ങൾ പുറത്തുവന്നത് ഈ വിഭാഗം ഓഹരികളിൽ ശക്തമായ വാങ്ങലിന് അവസരമൊരുക്കി. നിഫ്റ്റി ഐടി സൂചിക നാല് ശതമാനം ഉയർന്നു, ഒൻപത് മാസത്തിനിടയിലെ ഏറ്റവും മികച്ച പ്രതിവാര പ്രകടനമാണിത്.വിദേശ ഓപ്പറേറ്റർമാർ മുൻ നിര ഓഹരികളിൽ വില്പനയ്ക്ക് തിടുക്കം കാണിച്ചു. അവർ മൊത്തം 9119.76 കോടി രൂപയുടെ ഓഹരി വില്പന നടത്തി. ആഭ്യന്തര ഫണ്ടുകൾ വാങ്ങലുകാരായി 9808.64 കോടി രൂപ നിക്ഷേപിച്ചു.രൂപയുടെ മൂല്യം വീണ്ടും ഇടിഞ്ഞു. 95.37ൽ നിന്നും രൂപ 96.40ലേക്ക് ദുർബലമായെങ്കിലും പിന്നീട് 96.26ൽ ക്ലോസിംഗ് നടന്നു.

# നീറ്റ് 2026 റിസൾട്ടിൽ ചരിത്ര വിജയവുമായി സൈലം


മിൻഹ ബൈസൂൺ

**കോഴിക്കോട്** : 2026 നീറ്റ് റിസൾട്ടിൽ എഡ്ടെക് പ്ലാറ്റ്ഫോമായ സൈലം ലേർണിംഗ് കോഴിക്കോട് ഹൈബ്രിഡ് ക്യാമ്പസിലെ വിദ്യാർത്ഥിനി കെ.ടി.മിൻഹ ബൈസൂൺ കേരള റാങ്കിൽ എട്ടാം സ്ഥാനം നേടി. 676 സ്കോർ നേടി ഓൾ ഇന്ത്യാ റാങ്ക് 346 കരസ്ഥമാക്കി. കേരള റാങ്ക് 14 നേടിയ മുഹമ്മദ് ഇഷാൻ ടി.എം (സ്കോർ: 671), വൈശാഖ് കെ (661), കശ്യവ് (655), റാനിയ എസ്.പി (647), ഫാത്തിമ മുബാറക്ക (647), മുഹമ്മദ് മിൻഹാജ് പി.എം (646), ജെഫിൻ ബിജു (643), മെഹ്ജെബിൻ (643), ഹന്ന ജാവേദ് പി (642) എന്നിവരും തിളക്കമാർന്ന വിജയം സ്വന്തമാക്കിയതായി സൈലം അധികൃതർ വാർത്താകുറിപ്പിലൂടെ അറിയിച്ചു. ജെഇഇ 2026 റിസൾട്ടിലും സൈലത്തിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച്ചവച്ചതായും കമ്പനി അവകാശപ്പെട്ടു.

# റഡാർ മലയാളം പ്രഖ്യാപിച്ച് സ്പോട്ടിഫൈ

**കൊച്ചി:**കേരളത്തിലെ വളർന്നുവരുന്ന സ്വതന്ത്ര സംഗീത പ്രതിഭകൾക്ക് ആഗോളവേദി ഒരുക്കുന്നതിനായി സ്പോട്ടിഫൈയുടെ റഡാർ പദ്ധതി മലയാളത്തിലേക്ക് വ്യാപിപ്പിച്ചു. റഡാർ മലയാളത്തിന്റെ ഭാഗമായി

പ്രമുഖ ഗായികയും ഗാനരചയിതാവുമായ ഹാനിയ നഫീസയെ ആദ്യ സ്പോട്ട്ലൈറ്റ് കലാകാരിയായി തിരഞ്ഞെടുത്തു. ഹാനിയയുടെ പുതിയ സിംഗിളായ 'നട്ടംതിരി' ആണ് ഈ പ്ലേലിസ്റ്റിലെ മുഖ്യ ഗാനം.

മലയാള സംഗീതത്തിന്റെ വളർച്ചയിൽ വലിയ കുതിച്ചുചാട്ടമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉണ്ടായിരിക്കുന്നത്. സ്പോട്ടിഫൈ ഇന്ത്യയിൽ 2019 ൽ എത്തിയതിന് ശേഷം മലയാള സംഗീതത്തിന്റെ ശ്രോതാക്കളുടെ എണ്ണത്തിൽ 5,300 ശതമാനത്തിലധികം വർധനവാണുണ്ടായതെന്ന് 2024 ൽ സ്പോട്ടിഫൈ റിപ്പോർട്ട് ചെയ്തിരുന്നു.സ്പോട്ടിഫൈയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ഇന്ത്യൻ ഭാഷ കൂടിയാണ് മലയാളം.

കേരളത്തിൽ നിന്ന് വളർന്നുവരുന്ന പുതിയ തലമുറ കലാകാരന്മാരെയും അവരുടെ മൗലികമായ സംഗീതത്തെയും പിന്തുണയ്ക്കുകയാണ് റഡാർ മലയാളത്തിന്റെ ലക്ഷ്യം. കലാകാരന്മാർക്ക് ദീർഘകാല കരിയർ കെട്ടിപ്പടുക്കാൻ ആവശ്യമായ ദൃശ്യപരതയും വേദികളും ഇതിലൂടെ ലഭിക്കും, സ്പോട്ടിഫൈ ഇന്ത്യ മ്യൂസിക് & പോഡ്കാസ്റ്റ്സ് വിഭാഗം മേധാവി ധ്രുവാങ്ക് വൈദ്യ പറഞ്ഞു.

എഡിറ്റോറിയൽ പിന്തുണ, മാർക്കറ്റിംഗ്, തത്സമയ സംഗീതാവതരണ വേദികൾ (റഡാർ ലൈവ്) എന്നിവയിലൂടെയാണ് പദ്ധതി കലാകാരന്മാരെ ശാക്തീകരിക്കുന്നത്. 1.1 കോടിയിലധികം സ്ട്രീമുകൾ നേടിയ മുൾച്ചെടി എന്ന ഗാനത്തിലൂടെ ഇതിനകം ശ്രദ്ധേയയായ ഹാനിയ നഫീസ, പുതിയ ആൽബമായ വാക്കത്ത് പുറത്തിറക്കി സംഗീത രംഗത്ത് സജീവമാണ്. കൊച്ചിയിൽ നടന്ന ലോഞ്ച് ചടങ്ങിൽ സ്പോട്ടിഫൈ ഫോർ ആർട്ടിസ്റ്റ്സ് മാസ്റ്റർക്ലാസും ഹാനിയയുടെ തത്സമയ സംഗീതപരിപാടിയും അരങ്ങേറി.

# ഏഥർ കമ്മ്യൂണിറ്റി ഡേ 2026ൽ ആദ്യ മാസ്മാർക്കറ്റ് ഇലക്ട്രിക് സ്കൂട്ടർ അവതരിപ്പിക്കും

ATHER

**കൊച്ചി:** ഏഥർ എനർജി, നാലാമത് ഏഥർ കമ്മ്യൂണിറ്റി ഡേ 2026 ഓഗസ്റ്റ് 29ന് ബെംഗളൂരുവിൽ സംഘടിപ്പിക്കും. ചടങ്ങിൽ കമ്പനിയുടെ പുതിയ ഇഎൽപ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയുള്ള ആദ്യ മാസ്മാർക്കറ്റ് ഇലക്ട്രിക് സ്കൂട്ടർ അവതരിപ്പിക്കും. 1 ലക്ഷം മുതൽ 1.25 ലക്ഷം വരെയുള്ള വില ശ്രേണിയിലുള്ള ഈ മോഡലിലൂടെ ഏഥർ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്താനാണ് ലക്ഷ്യമിടുന്നത്. പുതിയ സ്കൂട്ടറിനൊപ്പം ചാർജിംഗ്, സോഫ്റ്റ്‌വെയർ, ഓണർഷിപ്പ് ഇക്കോസിസ്റ്റം എന്നിവയുമായി ബന്ധപ്പെട്ട പുതിയ സാങ്കേതികവിദ്യകളും കമ്പനി അവതരിപ്പിക്കും. ഓട്ടോമോട്ടീവ്, ടെക്നോളജി രംഗങ്ങളിലെ ആസ്വാദകരെയും ആയിരക്കണക്കിന് ഏഥർ ഉടമകളെയും ഒരുമിപ്പിക്കുന്ന ഈ പരിപാടിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വരും ആഴ്ചകളിൽ പ്രഖ്യാപിക്കുമെന്ന് കമ്പനി അറിയിച്ചു.

# ഓൺസൈറ്റ്ഗോയുമായി പങ്കാളിത്തം പ്രഖ്യാപിച്ച് ക്രോമ

croma A TATA Enterprise
onsitego

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഉപകരണ പരിചരണ കമ്പനിയായ ഓൺസൈറ്റ്ഗോയുമായി പങ്കാളിത്തം പ്രഖ്യാപിച്ച് പ്രമുഖ റീട്ടെയിൽ ശൃംഖലയായ ക്രോമ.

ക്രോമയുടെ അംഗീകൃത സേവന പങ്കാളിയായി നിയമിച്ചതിലൂടെ ക്രോമ ഉൽപനങ്ങളുടെ ഇൻസ്റ്റലേഷൻ, റിപ്പയറിംഗ്, സർവീസ് എന്നിവയും സ്പെയർ പാർട്സ് മാനേജ്മെന്റ് വരെയുള്ള സേവനങ്ങളും ഓൺസൈറ്റ്ഗോയിലൂടെയാണ് ഇനി ലഭ്യമാവുക.

ആഴത്തിലുള്ള സാങ്കേതിക സംയോജനത്തിന്റെയും ഇന്ത്യയൊട്ടാകെയുള്ള സേവന ശൃംഖലയുടെയും പിന്തുണയോടെ, ദശലക്ഷക്കണക്കിന് ക്രോമ ഉപഭോക്താക്കൾക്ക് മികച്ച അനുഭവം നൽകുന്നതിനാണ് ഈ സഹകരണം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

എയർ കണ്ടീഷണറുകൾ, റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, ടെലിവിഷനുകൾ, ചെറിയ ഗാർഹിക ഉപകരണങ്ങൾ എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലെ ഉപഭോക്താക്കളെ ഈ പങ്കാളിത്തം പിന്തുണയ്ക്കും.

ഉപഭോക്തൃ ഇലക്ട്രോണിക്സ് റീട്ടെയിലിൽ വിൽപ്പനാനന്തര സേവനത്തെ പുത്തൻ അനുഭവമാക്കി മാറ്റുന്നതിനും ഉപഭോക്തൃ വിശ്വാസം ശക്തിപ്പെടുത്തുന്നതിനുമുള്ള ക്രോമയുടെയും ഓൺസൈറ്റ് ഗോയുടെയും പ്രതിബദ്ധത ഈ പങ്കാളിത്തം പ്രതിഫലിപ്പിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും നൂതനവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ സേവന ആവാസവ്യവസ്ഥ നിർമ്മിക്കുന്നതിന് ക്രോമയുമായി പങ്കാളിത്തം സ്ഥാപിക്കുന്നതിൽ തങ്ങൾക്ക് ഏറെ സന്തോഷമുണ്ടെന്ന് ഇൻഫിനിറ്റി റീട്ടെയിൽ ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിംഗ് ഡയറക്ടറുമായ ഷിബാഷിഷ് റോയ് പറഞ്ഞു.

# നതിങ് ഫോൺ (4b) പുറത്തിറക്കി

**തൃശൂർ:** പ്രമുഖ സാങ്കേതിക ബ്രാൻഡായ നതിങ് പുതിയ ബി സീരീസിലെ ആദ്യ ഫോണായ നതിങ് ഫോൺ (4b) പുറത്തിറക്കി. കുറഞ്ഞ ചിലവിൽ മികച്ച നതിങ് ഇക്കോസിസ്റ്റം അനുഭവം നൽകാനായി രൂപകൽപ്പന ചെയ്ത ഈ ഫോൺ ഫ്ലിപ്കാർട്ട്, ക്രോമ, റിലൈൻസ് ഡിജിറ്റൽ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ വാങ്ങാം. കറുപ്പ്, വെള്ള, നീല നിറങ്ങളിൽ ലഭ്യമാകുന്ന ഫോണിന്റെ 128ജിബി മോഡലിന് 29,999 രൂപയും 256ജിബി മോഡലിന് 33,699 രൂപയുമാണ് പ്രാരംഭ ഓഫർ വില. (ബാങ്ക് ഡിസ്കൗണ്ടും എക്സ്ചേഞ്ച് ബോണസും ഉൾപ്പെടെ).

ഈ ഫോണിൽ സ്നാപ്ഡ്രാഗൺ 6 ജെൻ 4 പ്രൊസസ്സറാണ് ഉപയോഗിച്ചിരിക്കുന്നത്. നതിങ് ഫോണുകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ 6,000mAh ബാറ്ററിയും, 120Hz റീഫ്രഷ് റേറ്റുള്ള 6.77 ഇഞ്ച് സൂപ്പർ അമോലെഡ് ഡിസ്പ്ലേയും ഇതിന്റെ സവിശേഷതകളാണ്.

50MP ഒഐഎസ് പ്രധാന ക്യാമറയോടെ എത്തുന്ന ഫോൺ, ആൻഡ്രോയിഡ് 16 അടിസ്ഥാനമാക്കിയുള്ള നതിങ് ഒഎസ് 4.1 ലാണ് പ്രവർത്തിക്കുന്നത്.



# ലെക്സസ് പുതിയ Es350എച്ച്ന്റെ ബുക്കിംഗ് തുടങ്ങി



**കൊച്ചി:** ലെക്സസ് ഇന്ത്യ എട്ടാം തലമുറ പ്രീമിയം സെഡാനായ പുതിയ Es350എച്ച്ന്റെ ബുക്കിംഗ് ആരംഭിച്ചു. സെൽഫ്ചാർജിംഗ് ഹൈബ്രിഡ് ഇലക്ട്രിക് വാഹനമായ Es 350എച്ച് , എക്സ്ക്വിസിറ്റ്, ലക്ഷ്വറി എന്നീ രണ്ട് വേരിയൻറുകളിലാണ് ലഭ്യമാകുന്നത്.

യഥാക്രമം 66.10 ലക്ഷവും രൂപയും71.80 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില. ഇന്ത്യയിൽ നിർമിക്കുന്ന ഈ മോഡൽ, വിശാലമായ ഇൻറീരിയർ, 14 ഇഞ്ച് ടച്ച്സ്ക്രീൻ മൾട്ടിമീഡിയ സിസ്റ്റം, പുതിയ ലെക്സസ് സേഫ്റ്റി സിസ്റ്റം+, മെച്ചപ്പെട്ട ഹൈബ്രിഡ് സാങ്കേതികവിദ്യ എന്നിവയോടെയാണ് എത്തുന്നത്.

രാജ്യത്തെ എല്ലാ ലെക്സസ് ഗസ്റ്റ് എക്സ്പീരിയൻസ് സെന്ററുകളിലും ബുക്കിംഗ് ആരംഭിച്ചതായി കമ്പനി അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# എം.ജി അഡാപ്റ്റ് അവതരിപ്പിച്ച് എം.ജി മോട്ടോർ

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ മൾട്ടിഎഞ്ചിൻ വാഹന പ്ലാറ്റ്ഫോമായ എം.ജി, അഡ്വാൻസ് ഡ്രൈവ്ആർക്കിടെക്ചർ പ്ലാറ്റ്ഫോം ടെക്നോളജി അവതരിപ്പിച്ച് ജെ.എസ്.ഡബ്ല്യൂ എം.ജി മോട്ടോർ ഇന്ത്യ. ഭാവിയെ മുൻകൂട്ടി കണ്ട് വികസിപ്പിച്ച മോഡുലാർ ആർക്കിടെക്ചറായ എംജി അഡാപ്റ്റ് ഇലക്ട്രിക് വാഹനങ്ങൾ, ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾ, പ്ലഗ്ഇൻ ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾ, റേഞ്ച് എക്സ്റ്റെൻഡർ ഇലക്ട്രിക് വാഹനങ്ങൾ എന്നിവയെ ഒരൊറ്റ ഇന്റലിജന്റ് പ്ലാറ്റ്ഫോമിൽ ഉൾക്കൊള്ളിക്കുന്നു. ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളും അതിവേഗം മാറുന്ന മൊബിലിറ്റി രംഗവും പരിഗണിച്ചാണ് എംജി അഡാപ്റ്റ് ഒരു ഇന്റലിജന്റ് മോഡുലാർ ആർക്കിടെക്ചറായി വികസിപ്പിച്ചിരിക്കുന്നത്. ഡ്രൈവിങ്ങിന്റെ സാഹചര്യത്തിന് അനുയോജ്യമായ പവർട്രെയിൻ ഉപഭോക്താക്കൾക്ക് നൽകുകയാണ് ലക്ഷ്യം.ഡ്രൈവിംഗ് റേഞ്ച്, ഫാസ്റ്റ് ചാർജിങ് ശേഷി, മെച്ചപ്പെട്ട കാര്യക്ഷമത, ഉയർന്ന പ്രകടനം, മെച്ചപ്പെട്ട സുരക്ഷ, മികച്ച ഡ്രൈവിംഗ് റിഫൈൻമെന്റ് എന്നിവയിൽ ഒരു പുതിയ അനുഭവം സൃഷ്ടിക്കാൻ എം.ജി അഡാപ്റ്റിനാകും. പൊതുവായ ഒരു ഘടനയ്ക്കുള്ളിൽ ഒന്നിലധികം വൈദ്യുതീകരിച്ച പ്രൊപ്പൽഷൻ സാങ്കേതിക വിദ്യകളെ ഈ പ്ലാറ്റ്ഫോം തടസമില്ലാതെ സംയോജിപ്പിക്കുന്നു. വാഹനത്തിന്റെ പ്രകടനത്തിലോ കാര്യക്ഷമതയിലോ ഡ്രൈവിംഗ് അനുഭവത്തിലോ വിട്ടുവീഴ്ച ചെയ്യാതെ, തങ്ങളുടെ ജീവിതശൈലിക്ക് ഏറ്റവും അനുയോജ്യമായ സാധ്യത തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉപഭോക്താക്കൾക്ക് നൽകുന്നതിലാണ് മൊബിലിറ്റിയുടെ ഭാവിയെന്ന് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ മാനേജിങ് ഡയറക്ടർ അനുരാഗ് മെഹ്രോത്ര പറഞ്ഞു.

# ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡനിൽ ആയുർ ഉദ്യാനം സജ്ജമായി

**തൃശൂർ:** ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തങ്ങളുടെ ചെറുതുരുത്തി ക്യാമ്പസിൽ ഒരുക്കുന്ന ആയുർ ഉദ്യാനം 27 തിങ്കളാഴ്ച രാവിലെ 11 മണിക്ക് ഉദ്ഘാടനം ചെയ്യും. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. കെ. എസ്. വിഷ്ണു നമ്പൂതിരി ഉദ്ഘാടനം നിർവഹിക്കും. ആയുർവേദ പണ്ഡിതരും ഗവേഷകരും പരിസ്ഥിതി പ്രവർത്തകരും ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ സംബന്ധിക്കും.

ആയുർവേദത്തിന്റെ തത്വങ്ങളും പ്രകൃതി സംരക്ഷണവും കോർത്തിണക്കി തയ്യാറാക്കിയ സവിശേഷമായ ഒരു അനുഭവവേദിയാണ് 'ആയുർ ഉദ്യാനം'. ആയുർവേദത്തിലെ സർവ്വതോഭദ്ര ശൈലിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഉദ്യാനത്തിൽ ജാംഗലം (വരണ്ട പ്രദേശം), അനൂപം (ജലസമൃദ്ധമായ പ്രദേശം), സാധാരണം (മിതപ്രദേശം) എന്നീ മൂന്ന് ആയുർ ദേശങ്ങളും പുനഃസൃഷ്ടിച്ചിട്ടുണ്ട്. ഇത് ഔഷധ സസ്യങ്ങളുടെ സ്വാഭാവിക വളർച്ചയ്ക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ ഒരുക്കുന്നു.

ആയുർവേദത്തിലെ അഷ്ടാംഗങ്ങളെ പ്രതിനിധീകരിക്കുന്ന ഔഷധ സസ്യങ്ങളുടെ ശേഖരം, വിഷചികിത്സ, മർമ്മ ചികിത്സ തുടങ്ങിയ കേരളീയ ചികിത്സാ രീതികളിൽ ഉപയോഗിക്കുന്ന സസ്യങ്ങൾ, ഔഷധ സസ്യങ്ങളുടെ പ്രതിനിധി ദ്രവ്യങ്ങൾ എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് ഔഷധ സസ്യ പാരമ്പര്യവും നാടൻ ചികിത്സാ രീതികളും സംരക്ഷിക്കുന്നതിനൊപ്പം ഗവേഷണത്തിനും പഠനത്തിനുമുള്ള ഒരു കേന്ദ്രമായി ഇത് പ്രവർത്തിക്കും.



പാരമ്പര്യ വിജ്ഞാനവും ആധുനിക ശാസ്ത്രവും തമ്മിലുള്ള അവിസ്മരണീയമായ ഒരു സംയോജനമാണ് ആയുർ ഉദ്യാനം. ജനിതകശാസ്ത്രം , പ്രിസിഷൻ മെഡിസിൻ തുടങ്ങിയ ആധുനിക വൈദ്യശാസ്ത്ര മേഖലകളിലേക്ക് ലോകം കുതിക്കുമ്പോൾ, നൂറ്റാണ്ടുകളായി ആരോഗ്യ സംരക്ഷണത്തിന് അടിസ്ഥാനമായ നമ്മുടെ ഔഷധ സസ്യ പാരമ്പര്യത്തെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ആയുർവേദവും സസ്യശാസ്ത്രവും ആധുനിക ജീവശാസ്ത്രവും തമ്മിലുള്ള അർത്ഥവത്തായ സഹകരണത്തിന് ഈ സംരംഭം വഴിയൊരുക്കും,' എന്ന് സൈജീനോം, മെഡ്ജീനോം, സൈജീനോം റിസർച്ച് ഫൗണ്ടേഷൻ സ്ഥാപകൻ സാം സന്തോഷ് പറഞ്ഞു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ആയുർവേദ വിദ്യാർത്ഥികൾക്കായി 'ദ്രവ്യ ബോധിനി' എന്ന പേരിൽ മൂന്ന് ദിവസത്തെ തീവ്ര പരിശീലന പരിപാടിയും സംഘടിപ്പിക്കുന്നുണ്ട്.

ഡോ. അജയൻ സദാനന്ദൻ, ഡോ. ലക്ഷ്മി എം. എസ്. എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള പ്രായോഗിക അറിവ് നേടാൻ സാധിക്കും.

എച്ച്.എം.ബി.ജി.ആർ.ഐ സയന്റിസ്റ്റ്ഇൻചാർജ് ഡോ. അനൂപ് പി. ബാലന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടിയുടെ കോഓർഡിനേറ്റർ കൺസൾട്ടന്റ് സയന്റിസ്റ്റ് ഡോ. അജയൻ സദാനന്ദനാണ്. വിവിധ ആയുർവേദ കോളേജുകളിലെ പ്രിൻസിപ്പൽമാരായ ഡോ. കെ. മുരളി, ഡോ. പി. പി. കിരാതമൂർത്തി, ഡോ. കെ. പി. അഞ്ജു, ഡോ. ഗിജി മാത്യു, ഡോ. കെ. കെ. ലത എന്നിവർ ചടങ്ങിൽ പങ്കെടുക്കും.




# റോയൽ എൻഫീൽഡ് ഹണ്ടർഹുഡ് ഇനി കൊച്ചിയിലും

**കൊച്ചി:** റോയൽ എൻഫീൽഡിന്റെ സ്ട്രീറ്റ് കൾച്ചർ പ്ലാറ്റ്ഫോമായ ഹണ്ടർഹുഡ് ആദ്യമായി കൊച്ചിയിലെത്തുന്നു. ഓഗസ്റ്റ് 8ന് എറണാകുളത്തെ ചക്കോള മില്ലിലെ ദ ഗ്രൗണ്ട്സിൽ വൈകിട്ട് 3.30 മുതൽ പരിപാടി നടക്കും. സംഗീതം, കല, ഫാഷൻ, സ്ട്രീറ്റ് സ്പോർട്സ് എന്നിവയെ ഒരുമിപ്പിക്കുന്ന ആഘോഷത്തിൽ ബേബി ജീൻ, ഡബ്സി, ട്രൈബ് മാമാ മേരിക്കാളി, എംസി കൂപ്പർ ഉൾപ്പെടെ നിരവധി കലാകാരന്മാർ പങ്കെടുക്കും. സ്കേറ്റ്ബോർഡിംഗ് പ്രകടനങ്ങൾ, ലൈവ് ഗ്രാഫിറ്റി, ആർട്ട് ഇൻസ്റ്റലേഷനുകൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, ക്രിക്കറ്റ്, സ്കിംബോർഡിംഗ് വർക്ക്ഷോപ്പുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. പരിപാടിക്ക് മുന്നോടിയായി ഓഗസ്റ്റ് 6ന് ലൂപ്പ് സ്കേറ്റ് പാർക്കിൽ കമ്മ്യൂണിറ്റി പ്രീജാമും നടക്കും. ടിക്കറ്റുകൾ നിലവിൽ ഡിസ്ട്രിക്ട് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാണ്.

# എ.ബി.സി ക്യാമ്പയിനുമായി നടി സോഹ അലി ഖാൻ

**കൊച്ചി:** ഫലപ്രദമായ ശരീരഭാര നിയന്ത്രണം സംബന്ധിച്ച് ആരോഗ്യ ബോധവത്ക്കരണ ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ഫലപ്രദമായ ശരീരഭാര നിയന്ത്രണം കഠിനമായ പട്ടിണി കിടക്കലോ, ഭക്ഷണങ്ങൾ പൂർണമായി ഒഴിവാക്കലോ അല്ലെന്നും, പകരം സുസ്ഥിരമായ ശീലങ്ങൾ വളർത്തിയെടുക്കുന്നതിലാണെന്നും ക്യാമ്പയിനിൽ സംസാരിച്ച നടി സോഹ അലി ഖാൻ പറഞ്ഞു. ഇഷ്ടഭക്ഷണങ്ങൾ പൂർണമായി ഒഴിവാക്കുന്നതിന് പകരം ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ അടങ്ങിയവ ഡയറ്റിൽ ഉൾപ്പെടുത്തുകയാണ് വേണ്ടത്. പ്രോട്ടീൻ അടങ്ങിയ മുട്ട, പനീർ, ബദാം, കടല വർഗങ്ങൾ എന്നിവ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് മെറ്റബോളിസം വർധിപ്പിക്കാനും അമിതവിശപ്പ് നിയന്ത്രിക്കാനും സഹായിക്കും. പ്രധാന ഭക്ഷണങ്ങൾക്കിടയിലുള്ള വിശപ്പ് ശമിപ്പിക്കാനായി കഴിക്കുന്ന ലഘുഭക്ഷണങ്ങൾ ഊർജ നില നിലനിർത്താൻ സഹായിക്കുമെങ്കിലും, വിശപ്പിനെ അകറ്റി നിർത്തുന്നതോടൊപ്പം ഏകാഗ്രത വർധിപ്പിക്കുന്നതുമായ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കേണ്ടത് പ്രധാനമാണ്. പഴങ്ങളും കാലിഫോർണിയ ബദാമും പോലെയുള്ള ശ്രദ്ധാപൂർവമായ തിരഞ്ഞെടുപ്പുകൾ മികച്ച ഓപ്ഷനുകളാണ്. മധുരപാനീയങ്ങൾക്ക് പകരം ഫ്രൂട്ട് ഇൻഫ്യൂസ്ഡ് വാട്ടറും, ഡെസേർട്ടുകൾക്ക് പകരം പഴങ്ങളും ശീലമാക്കുന്നത് ആരോഗ്യകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുമെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു.

### ഇന്ത്യയിൽ ഡെങ്കിപ്പനി പ്രതിരോധ വാക്സിന് അംഗീകാരം

**കൊച്ചി:** ഡെങ്കിപ്പനി പ്രതിരോധ വാക്സിന് ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ വിപണനാനുമതി നൽകി.'ടകെഡ' ബയോഫാർമസ്യൂട്ടിക്കൽസിന്റെ ക്യുഡെങ്ക (റ്റിഎകെ 003) എന്ന ഡെങ്കി വാക്സിനാണ് അനുമതി ലഭിച്ചിരിക്കുന്നത്. ഇന്ത്യയിൽ അംഗീകാരം ലഭിക്കുന്ന ആദ്യ ഡെങ്കി വാക്സിനാണിതെന്ന് കമ്പനി അവകാശപ്പെട്ടു. 4 മുതൽ 60 വയസ്സുവരെയുള്ളവർക്ക് ഉപയോഗിക്കാവുന്ന ഈ വാക്സിൻ, മുൻപ് ഡെങ്കിപ്പനി ബാധിച്ചിട്ടുണ്ടോയെന്ന പരിശോധന കൂടാതെ സ്വീകരിക്കാം. നാല് ഡെങ്കി വൈറസ് സെറോടൈപ്പുകൾക്കെതിരെയും സംരക്ഷണം നൽകുന്ന രീതിയിലാണ് ഇത് വികസിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ റിപ്പോർട്ട് ചെയ്യുന്ന ഡെങ്കിപ്പനി കേസുകൾ 11 മടങ്ങ് വർധിച്ച സാഹചര്യത്തിലാണ് അനുമതിയെന്ന് കമ്പനി വാർത്താകുറിപ്പിൽ അറിയിച്ചു.

ആഗോള ഡെങ്കി ബാധയുടെ ഏകദേശം മൂന്നിലൊന്ന് ഇന്ത്യയിലാണ് രേഖപ്പെടുത്തുന്നത്. 2025ൽ രാജ്യത്ത് 1.13 ലക്ഷത്തിലധികം ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തതായി കണക്കുകൾ സൂചിപ്പിക്കുന്നു.28,000ത്തിലധികം പേരെ ഉൾപ്പെടുത്തി നടത്തിയ ആഗോള ക്ലിനിക്കൽ പഠനങ്ങളുടെയും ഇന്ത്യൻ ഫേസ്3 പരീക്ഷണത്തിന്റെയും അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ചത്. മൂന്ന് മാസത്തെ ഇടവേളയിൽ രണ്ട് ഡോസുകളായാണ് വാക്സിൻ നൽകുന്നത്. ലോകാരോഗ്യ സംഘടന ശുപാർശ ചെയ്യുന്ന ഈ വാക്സിന് ഇന്ത്യ ഉൾപ്പെടെ 43 രാജ്യങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആഗോളതലത്തിൽ 3.2 കോടിയിലധികം ഡോസുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും കമ്പനി അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com